# നോമ്പുകാല ചിന്തകൾ

## ഒന്നാം ഞായർ

പാട്ടും നൃത്തവുമായി കഴിഞ്ഞിരുന്ന കല്ല്യാണ മണ്ഡപത്തിലെ ആരവം സ്തുതിയും സ്തോത്രവുമായി ഭേദപ്പെട്ടു.... കൊത്തിനെയിലെ വിരുന്നുകാരിൽ നിന്ന് എന്നപോലെ ക്രമവിരുദ്ധമായ സംഭാഷണത്തെ ഞങ്ങളിൽ നിന്ന് നീക്കേണമെ. ഞങ്ങളുടെ വായ്കളെ ദൈവീക സ്തോത്രങ്ങൾ കൊണ്ട് നിറയക്കണമെ .

## ഒന്നാം തിങ്കൾ

ആത്മാവിന്റെ ജാഗരണത്തോടും നിർമ്മലതയോടും ശരീരവെടിപ്പോടും വിശുദ്ധിയോടും രാപ്പകൽ നിന്റെ തിരുമുമ്പാകെ സമർപ്പിക്കുന്ന പ്രാർത്ഥനകളോടെ ഞങ്ങൾ ജീവിച്ച് സുകൃത നടപടികളാകുന്ന വഴിയാഹാരങ്ങളോടെ പരിശുദ്ധ പെസഹായ്ക്കും എല്ലാ വിശുദ്ധന്മാർക്കും സിദ്ധിക്കാനിരിക്കുന്ന ഉയിർത്തെഴുന്നേല്പിനും ഞങ്ങൾ യോഗ്യരായിത്തീരണമേ

## ഒന്നാം ചൊവ്വ

നീതിമാനും വിശുദ്ധനുമായ നോഹ നോമ്പിൽ ശ്രേഷ്ഠനായിത്തീർന്നു. നാശകരമായ പ്രളയത്തിൽ നിന്നും അവൻ രക്ഷ പ്രാപിച്ചു. അവൻ പ്രളയത്തിൻ മീതെ നാല്പത് ദിവസം യാത്ര ചെയ്തു .

## ഒന്നാം ബുധൻ

നോമ്പ് വിചാരത്തെ ശാന്തമാക്കി ആലോചനയെ പരിപൂർണ്ണമാക്കുന്നു നോമ്പ് ഹൃദയത്തെ ജാഗ്രതപ്പെടുത്തി മനസാക്ഷിയെ പരമാർത്ഥപ്പെടുത്തുന്നു. നോമ്പ് മടിയെ നശിപ്പിച്ച് അലസതയെ ദൂരത്താക്കുന്നു. നോമ്പ് വിനയത്തെ പുഷ്ടിപ്പെടുത്തി നിഗളത്തെ തള്ളുന്നു.

## ഒന്നാം വ്യാഴം

ഞങ്ങളെ കാപട്യമില്ലാത്ത ഭക്തി ഉള്ളവരും നിന്റെ കല്പനകളെ അനുഷ്ടിക്കുന്നവരും നിന്റെ വിശുദ്ധന്മാരെ ആദർശമാക്കി ജീവിക്കുന്നവരും മേലുള്ളവയെ ചിന്തിക്കുന്നവരും ആക്കിത്തീർക്കണമേ .

## ഒന്നാം വെള്ളി

ഈ നോമ്പിൽ ഞങ്ങളെ നിന്റെ കുരിശിൻ സ്നേഹത്താൽ സ്നാനപ്പെടുത്തണമെ. ഈ നോമ്പിൽ ദൈവകൃപ ഞങ്ങളുടെ ബലഹീനതയിൽ ആവസിക്കേണമെ. ആകയാൽ ഞങ്ങൾക്കുവേണ്ടി നോമ്പേറ്റവനെ ഞങ്ങൾ വന്ദിക്കുന്നു.

## ഒന്നാം ശനി

ആത്മീയ ദാനങ്ങൾ ഈ കാലത്ത് പെരുകുന്നതു കൊണ്ട് നാം മടിയന്മാരും ഉദാസീനന്മാരും ആയിരിക്കരുത്. എന്തെന്നാൽ ശത്രു ഉണർന്നിരുന്നുകൊണ്ട് നമ്മുടെ നാശത്തിനായി ഉറ്റിരിക്കുകയും തന്ത്രത്താൽ നമ്മുടെ ആത്മാക്കളെ വീശിപ്പിടിക്കുവാനായി പതിയിരിക്കുകയും ചെയ്യുന്നു .

## രണ്ടാം ഞായർ

"മനുഷ്യരോടുള്ള സ്നേഹം മൂലം ഭൂവാസികളുടെ രോഗങ്ങളെയും കറകളെയും ഇല്ലാതാക്കുവാൻ ഈ ലോകത്തിൽ നിസ്സാരനെപ്പോലെ കാണപ്പെടുകയും തന്റെ അടുത്തുചെന്ന കുഷ്ഠരോഗിയുടെ രോഗം സുഖപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ വൈദ്യനായ കർത്താവേ! ഞങ്ങളുടെ പഴയ മനുഷ്യന്റെ മലിന വസ്ത്രത്തെ ഉരിഞ്ഞ് കളഞ്ഞ്, നീതിയിലും, യഥാർത്ഥ പുണ്യത്താലും നിന്നാൽ നിർമ്മിക്കപ്പെട്ട പുതിയ വസ്ത്രം ധരിപ്പിക്കണമെ"

## രണ്ടാം തിങ്കൾ

"പാപിയെ നിന്റെ ഉടയവൻ ബലിപീഠത്തിന്മേൽ ബലിയർപ്പിക്കപ്പെടുന്ന സമയത്ത് നീ പരിശുദ്ധ സ്ഥലത്ത് നിന്ന് എന്തിന് പുറത്തേക്കുപോകുന്നു?. നിന്റെ അകൃത്യത്തിന് വേണ്ടി യാചിക്കേണ്ടതിനു പകരം നീ പ്രയോജനമില്ലാത്ത കാരണത്താൽ എന്തിന് പുറത്തേയ്ക്ക് പോകുന്നു?. ആകയാൽ നീ പോകാതെ ദൈവത്തിൽ നിന്ന് കരുണ യാചിക്കുക"

## രണ്ടാം ചൊവ്വ

"താല്പര്യമേറിയ പ്രാർത്ഥനകളാൽ സാത്താനോട് പോരാടുവാനായി തന്റെ ഭടന്മാർക്ക് നോമ്പിനെ ഉപദേശിച്ചവനായ മശിഹാതമ്പുരാനെ, നിന്റെ അടുക്കൽ ഞാൻ കുമ്പിടുന്നത് കൊണ്ട് എന്നോട് കരുണയുണ്ടാകണമെ"

## രണ്ടാം ബുധൻ

"ഞങ്ങളുടെ ജീവിതകാലം ചുരുങ്ങിയതും ക്ഷണികവുമാകുന്നു. ഞങ്ങളുടെ ഹൃദയങ്ങളിൽ തള്ളിക്കയറുന്ന ഓളങ്ങൾ കഠിനങ്ങളും ശക്തിയുള്ളവയും ആകുന്നു. സദ്വിചാരങ്ങൾ ഞങ്ങളിൽ നിന്ന് നീങ്ങിപ്പോവുകയും ദുശ്ചിന്തകൾ ഞങ്ങളിൽ വാഴുകയും

## രണ്ടാം വ്യാഴം

"കർത്താവേ ബലഹീനരായ ഞങ്ങളെ നിന്റെ വിശുദ്ധന്മാരെ ആദർശമാക്കി ജീവിക്കുന്നവരും നിന്റെ കല്പനകളെ ആചരിക്കുന്നവരും അന്യോന്യം സ്നേഹിക്കുന്നവരും ആക്കിത്തീർക്കണമേ."

## രണ്ടാം വെള്ളി

"നിങ്ങൾ  വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർക്കിക്കുന്നവരും ആയിരിക്കുവിൻ. വചനം കേൾക്കുകയും അത് അനുവർത്തിക്കാതിരിക്കുകയും ചെയ്യുന്നവൻ തന്റെ മുഖം കണ്ണാടിയിൽ കാണുന്ന മനുഷ്യന് തുല്യനാണ്. "

## രണ്ടാം ശനി

"പ്രസന്നമായ ഈ പ്രഭാതത്തിൽ മീവൽ പക്ഷികൾ നിനക്ക് സ്തോത്രം പാടുന്നു. മാൻകൂട്ടം ശബ്ദമുയർത്തി പ്രഭാതശോഭയിൽ സന്തോഷിച്ചുല്ലസിക്കും. മരുഭൂമിയിൽ കഴുതകൾ പ്രഭാതവെളിച്ചത്തിനു വേണ്ടി കാത്തിരിക്കുന്നു. മൺമയരായ മനുഷ്യരും ഇമ്പകരമായ രാഗങ്ങളാൽ അങ്ങയെ സ്തുതിച്ച് പുകഴ്ത്തുന്നു."

## മൂന്നാം ഞായർ

"നീ മാനസാന്തരപ്പെട്ട് പശ്ചാത്താപപ്പെടുമെങ്കിൽ രക്ഷപ്പെടുമെന്നും നീതികരിക്കപ്പെടുവാൻ തക്കവണ്ണം നിന്റെ പാപങ്ങളെ ഏറ്റു പറയുക." എന്നും ബലിയെക്കാൾ കരുണയത്രെ ഞാൻ ആഗ്രഹിക്കുന്നത് ; ഹോമയാഗങ്ങളല്ല ദൈവത്തോടുള്ള അനുസരണത്തെയത്രെ എന്നും ദൈവമേ നീ കല്പിച്ചിരിക്കുന്നുവല്ലോ.

## മൂന്നാം തിങ്കൾ

അബ്രാഹാം തന്റെ പുത്രനായ യിസഹാക്കിനെ വിശ്വാസത്തോടെ നിനക്ക് ബലിയർപ്പിച്ചു. കർത്താവേ സത്യ വിശ്വാസത്തോടെ ഞങ്ങളുടെ ആത്മശരീരങ്ങളെ നിനക്ക് തൃപ്തികരവും ജീവനുള്ളതുമായ ബലിയായി സമർപ്പിപ്പാൻ യോഗ്യരാക്കേണമെ.

## മൂന്നാം ചൊവ്വ

പ്രഭാതത്തിൽ യോന തിരുസന്നിധിയിൽ പ്രാർത്ഥിച്ചു ; അവൻ കരേറി നിന്റെ ആലയം കാണുന്നതിന് അപേക്ഷിച്ചു. പ്രഭാതത്തിൽ നിന്റെ ആലയത്തിൽ ഞങ്ങളുടെ അപേക്ഷ ശബ്ദം കേൾക്കപ്പെടേണമെ.

## മൂന്നാം ബുധൻ

പ്രഭാതത്തിൽ സൂര്യനുദിച്ചപ്പോൾ ലോത്ത് സോദോമിൽ നിന്ന് പുറപ്പെടുകയും അഗ്നിയിൽ നിന്നും ഗന്ധകത്തിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. ഞങ്ങളുടെ ആത്മശരീരങ്ങളെ ദഹിപ്പിക്കുന്ന നിന്ദ്യമായ മോഹാഗ്നിയിൽ നിന്ന് ഞങ്ങളും രക്ഷപ്പെടുമാറാകേണമെ.

## മൂന്നാം വ്യാഴം

പ്രഭാതത്തിൽ രാജാവ് ദാനിയേലിനെ സിംഹക്കുഴിയിൽ നിന്ന് കരേറ്റി, അവന്റെ വൈരികളെ മൃഗങ്ങൾക്ക് ആഹാരമായി ഇട്ടു. കർത്താവേ, പ്രഭാതത്തിൽ ഞങ്ങളെ പാപത്തിന്റെ ആഴത്തിൽ നിന്നും ആഗാധ പാതാളത്തിൽ നിന്നും കരേറ്റേണമെ.

## മൂന്നാം വെള്ളി

പ്രഭാതത്തിൽ എബ്രായക്കാർ മന്നാ പെറുക്കി. ഓരോരുത്തനും വേണ്ടുവോളം അത് കിട്ടിയിരുന്നു. ഈ പ്രഭാതത്തിൽ നിന്റെ ദയയുടെ നല്ല ദാനമാകുന്ന ഐശ്വര്യം കൊണ്ട് നിന്റെ ദാസരെ പോഷിപ്പിക്കേണമെ.

## മൂന്നാം ശനി

സീനായി മലയിൽ വച്ച് മോശ വെടിപ്പും ശുദ്ധവുമുള്ള നോമ്പ് നോറ്റു. ഇസ്രായേൽ ജനത്തിന് കല്പനകളെഴുതിയ കൽപ്പലകകൾ ഇറക്കി കൊണ്ട് വന്നു അഗ്നിവിരൽ കൊണ്ടെഴുതിയ കൽപ്പലകകൾ അവർ കൈകളിൽ വാങ്ങി ദൈവത്തെ സ്തുതിച്ചു.

## നാലാം ഞായർ

കനാന്യ സ്ത്രിക്ക് മറുപടി നൽകുകയും അവളുടെ പുത്രിയെ പിശാചിൽ നിന്ന് വിടുവിക്കുകയും ചെയ്ത കാരുണ്യവാനെ ഞങ്ങളുടെ ആത്മാക്കളെ പാപത്തിൽ നിന്ന് വിടുവിക്കേണമെ.

## നാലാം തിങ്കൾ

ഞാൻ അനുതപിക്കുകയില്ലെങ്കിൽ ഇതാ, പർവ്വതങ്ങളും താഴ്വരകളും , മലഞ്ചെരുവുകളും എന്നെ ചൊല്ലി വിലപിക്കും. കുന്നുകൾ ഏറ്റവും സങ്കടത്തോടെ കണ്ണുനീരൊഴുക്കി എന്നെക്കുറിച്ച് വിലപിക്കും.

## നാലാം ചൊവ്വ

നാം ദൈവത്തിന്റെ ആലയങ്ങളാകുന്നു. കർത്താവിന്റെ ആത്മാവ് നമ്മിൽ വസിക്കുന്നു. രാജാവ് വസിക്കുന്ന ഭവനത്തെ നമ്മുടെ തിന്മകളാൽ നാം നശിപ്പിക്കരുത്.

## നാലാം ബുധൻ

സ്വർഗ്ഗീയ കാര്യങ്ങളിൽ ഞങ്ങളോട് പോരാടുന്ന അപ്രതീക്ഷ ദുരാത്മാക്കളോട് ശക്തിയുക്തം യുദ്ധം ചെയ്യുവാനും ക്രോധത്തെ കീഴ്പ്പെടുത്തുവാനും, വൃഥാ സ്തുതിയെ വെറുപ്പാനും ഞങ്ങളുടെ ആഗ്രഹങ്ങളെല്ലാം നിന്നിൽ വയ്പ്പാനും ഞങ്ങളെ ശക്തരാക്കേണമെ.

## നാലാം വ്യാഴം

വിശ്വാസമുള്ളവന് നോമ്പ് പ്രാർത്ഥനയും മാണിക്യ രത്നവും ജീവന്റെ നിക്ഷേപവും കവർച്ച ചെയ്യപ്പെടാത്ത വലിയ ധനവുമാകുന്നു.

## നാലാം വെള്ളി

തിന്മയിൽ നിന്റെ ശരീരം നിലനിൽക്കയോ നിന്റെ ഹൃദയം പതറുകയോ ചെയ്യരുത്. നിന്റെ ശരീരം ദേവാലയവും നിന്റെ ഹൃദയം ശുദ്ധ സ്ഥലവുമായിരിക്കട്ടെ.

## നാലാം ശനി

നിനക്ക് പ്രയോജനം ചെയ്യാത്ത സമ്പാദ്യത്തിനായി നിത്യവും ഓടത്തക്കവണ്ണം ഈ ലോക ധനം നിന്നെ തെറ്റിക്കുകയും കുഴക്കുകയും ചെയ്യുന്നതെന്ത് ? നിന്റെ നിക്ഷേപവും സമ്പാദ്യവുമെല്ലാം കൂട്ടിവരുത്തുക. അപകടത്തിൽ നിന്ന് നിന്നെ രക്ഷിപ്പാൻ അതിന് കഴിയുമെങ്കിൽ അത് നിന്റേതായിരുന്നുകൊള്ളട്ടെ. എന്നാൽ ഒരു പനി മാറ്റുവാൻ നിന്റെ ധനത്തിന് കെൽപ്പില്ലെങ്കിൽ അതിന്റെ പ്രയോജനം എവിടെ ? പ്രയോജനമില്ലെങ്കിൽ അതിനെ നീ എന്തിന് സമ്പാദിക്കുന്നു.

## അഞ്ചാം ഞായർ

കരുണയാൽ സ്വയമെ ഞങ്ങളുടെ അടുക്കൽ വന്ന ഉത്തമ വൈദ്യനും ; ആത്മ ശരീരങ്ങളെ ചികിത്സിക്കുന്ന കർത്താവെ ഞങ്ങളുടെ ആയുഷ്ക്കാലമെല്ലാം ; ഞങ്ങളുടെ ദൃഷ്ടി നിങ്കൽ പതിച്ചിരിക്കണമെ.

## അഞ്ചാം തിങ്കൾ

പൊന്നിനും വെള്ളിക്കും വായുണ്ടായിരുന്നെങ്കിൽ അതിനെ സമ്പാദിക്കുന്നവരോട് അത് ഇപ്രകാരം പറയുമായിരുന്നു. നിങ്ങൾ എന്നോട് അടുക്കരുത് മരണം നിങ്ങളെ കൂട്ടിക്കൊണ്ടു പോകുമ്പോൾ  നിങ്ങൾക്ക് ഹാ കഷ്ടം ഞാൻ നിങ്ങൾക്കൊപ്പം ഉണ്ടാവില്ല. നിത്യ ജീവൻ പ്രാപിപ്പാൻ നീ സത്യോപദേശം തേടുക.

## അഞ്ചാം ചൊവ്വ

നിങ്ങൾ ഉണർന്നു പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ. നിങ്ങളുടെ അരകൾ കെട്ടിയും വഴിയാഹാരങ്ങൾ ഒരുക്കിയും ഇരിക്കുക. യജമാൻ ഏതു സമയത്ത് നിങ്ങളുടെ അടുക്കൽ വരുന്നു എന്ന് നിങ്ങൾ അറിയുന്നില്ല.

## അഞ്ചാം ബുധൻ

ഒരുവൻ അപ്പം വെടിഞ്ഞ് ഉപവസിക്കുകയും; വാക്കിലും പ്രവർത്തിയിലും പാപം ചെയ്യുന്നുവെങ്കിൽ എന്തു പ്രയോജനം ? എന്തെന്നാൽ അത് അവൻ പണി നടത്തിയിട്ട് ഇടിച്ച് കളയുകയും കൂലി നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നതിന് തുല്യമാണ്.

## അഞ്ചാം വ്യാഴം

നിന്റെ നോമ്പ് തേനോട് സദൃശ്യവും നിന്റെ നാവ് കൈപ്പിൽ കലർന്നിരിക്കുകയും ചെയ്യുന്നുവെങ്കിൽ ആ മധുരം കയ്പ്പുരസമായി വ്യാത്യാസപ്പെടുന്നു. നീ ഉപവസിക്കുമ്പോൾ നിന്റെ സഹോദരനെ ദുഷിക്കാതിരിക്കുവാൻ സൂക്ഷിക്കുക. അല്ലാഞ്ഞാൽ നിന്റെ നോമ്പിൽ നിന്നുള്ള ദുർഗന്ധം കർത്താവിന് അസഹ്യമാവും. നിന്റെ വായ് ഭക്ഷണത്തിൽ നിന്നും നിന്റെ നാവ് അന്യായത്തിൽ നിന്നും ഉപവസിക്കണം.

## അഞ്ചാം വെള്ളി

പരിശുദ്ധ മാലാഖമാരോടും സംഖ്യയില്ലാത്ത സൈന്യങ്ങളോടും കൂടി നീ മഹത്വത്തിൽ എഴുന്നുള്ളി വരുമ്പോൾ പ്രശോഭിക്കുന്ന ദീപയഷ്ടികൾ വഹിച്ച് ലജ്ജ കൂടാതെ ധൈര്യ സമേതം നിന്നെ എതിരേൽപ്പാൻ ഞങ്ങളെ യോഗ്യരാക്കേണമെ.

## അഞ്ചാം ശനി

പ്രകാശത്തിന്റെ നാഥനായ നിന്നോടു കൂടി ഞങ്ങൾ നിന്റെ പ്രകാശത്തിൽ സഞ്ചരിക്കുകയും അതിൽ തെളിവായി നടത്തപ്പെടുകയും ചെയ്യുന്നു.

## ആറാം ഞായർ

ആദ്യ മനുഷ്യന്റെ സ്രഷ്ടാവ് നീയാണെന്ന് കാണിപ്പാനായി കളിമണ്ണു മൂലം കുരുടന്റെ കണ്ണ് തുറക്കുകയും ഞങ്ങൾക്ക് സാക്ഷാൽ പ്രകാശം തരുന്നതായി കാണിച്ചുകൊണ്ട് അവനെ ശീലോഹായിലേക്ക് അയച്ച് മാമോദീസായുടെ ദൃഷ്ടാന്തം വെളിവാക്കുകയും ചെയ്തു.

## ആറാം തിങ്കൾ

നിനുവയിലെ രാജാവ് ചാക്കുശീല ധരിച്ചുകൊണ്ട് നോമ്പ് നോറ്റതു കാണുക. അവന്റെ അന്യായം മൂലം കോപിച്ചിരുന്ന ദൈവത്തെ അവൻ തന്നോട് അനുരഞ്ജന പ്പെടുത്തി.

## ആറാം ചൊവ്വാ

അന്ധകാര അധികാരികളോടും അവരിൽ നിന്നുളവാകുന്ന സർവ്വദുർവികാര ങ്ങളോടും നിർഭയം പോരാടുവാൻ തക്കവണ്ണം ഞങ്ങളുടെ അവയവങ്ങളെ നീ ആയുധം ധരിപ്പിക്കണമെ.

## ആറാം ബുധൻ

വഞ്ചനയില്ലാത്ത ഹൃദയത്തിൽ ദൈവം വസിക്കുന്നു. വെടിപ്പും നിർമ്മലതയുള്ള ആത്മാവിൽ വിശുദ്ധ റൂഹാ പാർക്കുന്നു.

## ആറാം വ്യാഴം

നിന്റെ പ്രീതിയാൽ ഞങ്ങൾ ഹീനവികാരങ്ങളിൽ നിന്നൊഴിഞ്ഞ് ഹൃദയ വിശുദ്ധിയും ശരീരവെടിപ്പും ജീവിത നിർമ്മലതയും വിശ്വാസത്തോടെ അത്യുത്സാഹ പൂർവ്വം പാലിപ്പാൻ കൃപ നൽകേണമെ.

## നാൽപ്പതാം വെള്ളി

മശിഹാദൈവം നമ്മൾക്കായ് മാനവനെപ്പോൽ നോമ്പേറ്റാൻ നാം തടവെന്യേ ചെന്നേദനിലെ ജീവൻ നേടാൻ നമ്മൾക്കായ് വഴികാണിച്ചാൻസൃഷ്ടികളെ കീർത്തിച്ചിടുവിൻ പാവനമാം തിരുനാമത്തെഎന്നേക്കും കൂടുതലായ് വാഴ്ത്തിപ്പാടിൻ.

## ലാസറിന്റെ ശനി

ലാസറിനെ കെട്ടിയിരുന്ന കീറ്റു ശീലകളെയും ചരടുകളെയും അഴിപ്പിൻ എന്നു നീ പറഞ്ഞതിനാൽ ദൈവമേ ! ദുർമോഹങ്ങളാലുള്ള വികാരങ്ങളുടെയും അധമജീവിതത്തിന്റെയും ബന്ധനങ്ങളിൽ നിന്നും ആത്മാക്കൾക്കുണ്ടാകാവുന്ന മോചനത്തെ നീ കാണിച്ചു. ഞങ്ങളുടെ ആത്മാക്കളെ പാപ മരണത്തിൽ നിന്നും ഉയിർപ്പിക്കണമെ.

## ഊശാനപ്പെരുന്നാൾ

അഗ്നിമയന്മാരുടെ സേനകളാൽ ഭയത്തോടും പരിഭ്രമത്തോടും കൂടി വന്ദിക്കപ്പെടുന്നവനും ശിശുക്കളാലും പൈതങ്ങളാലും പരമാർത്ഥതയോടെ സ്നേഹപൂർവ്വം സ്തുതിക്കപ്പെടുന്നവനും ആയുള്ളോവേ ! ഞങ്ങളുടെ മേൽ കരുണ ചെയ്യേണമെ.

## ഹാശായുടെ തിങ്കൾ

നിന്റെ തിരുനാമത്താൽ നിന്റെ കൽപ്പനകളെ ആചരിപ്പാനും സത്യത്തിനെതിരായി നില്ക്കുന്ന സകല അഹങ്കാര വിചാരത്തെയും തള്ളിക്കളയുവാനും ഞങ്ങളെ നീ ശക്തരാക്കേണമെ.

## ഹാശായുടെ ചൊവ്വ

സത്യ വിശ്വാസത്താൽ അനുസരണക്കേടിനെ പുറത്താക്കുവാനും കോപത്തെ മായിച്ചു കളയുവാനും അഹങ്കാരത്തെ അമർത്തുവാനും, ദോഷ ജനകങ്ങളായ എല്ലാ സ്വഭാവങ്ങളെയും നിർമ്മൂലമാക്കുവാനും നിർമ്മല ബുദ്ധിയെ സമ്പാദിപ്പാനും പുണ്യ പ്രവർത്തികളോട് കൂടെ നിനക്ക് പ്രസാദകരമായ ഭാഗ്യമുള്ള അവസാനം പ്രാപിപ്പാനും ഞങ്ങളെ യോഗ്യരാക്കേണമെ.

## ഹാശായുടെ ബുധൻ

തന്നെ ബലികഴിക്കുകയും സ്വമനസ്സോടെ ആട്ടിൻകുട്ടിയെപ്പോലെ ഘാതകന്മാരാൽ ബലികഴിക്കപ്പെടുമെന്ന് അറിയുകയും ചെയ്ത ബലി എത്രയോ വിസ്മയനീയമാകുന്നു. വിവേകികൾക്ക് ഈ രഹസ്യം എത്ര വലിയതാകുന്നു.

## ഹാശായുടെ വ്യാഴം

തന്റെ ജീവനുള്ള ശരീരം സംശയിക്കാതെ കൂദാശ വഴിയായി ഞങ്ങൾ ഭക്ഷിക്കുകയും സ്നേഹത്തോടെ ചൈതന്യ പ്രദമായ കാസായെ ഞങ്ങൾ കുടിക്കുകയും ചെയ്യുന്നു.

## വലിയ വെള്ളി

ശെമവോനെ, നീ എവിടെ പോകുന്നു ? യോഹന്നാനെ നീ എവിടേക്ക് ഓടുന്നു ? ബർത്തുൽമായേ നീ എവിടെ ഓടി ഒളിക്കുന്നു. തോമായെ നീ എവിടേക്ക് മാറുന്നു ? പീലിപ്പോസെ നീ എവിടേക്ക് അകലുന്നു ? അന്ത്രയോസെ നീ എന്തിനു ദു:ഖിക്കുന്നു.? യാക്കോബെ നീ എന്തിനു വിലപിക്കുന്നു. ലാബി നീ എന്തിനു കരയുന്നു . ശ്ലീഹന്മാരെ ചിതറിപ്പോകുവാനായിട്ട് നിങ്ങൾ വെമ്പരുതെ. ഇന്ന് നിങ്ങൾ ഓടിപ്പോയാലും ഞായറാഴ്ച ഒന്നിച്ചു കൂടും. ഇന്ന് ഭയത്താൽ ഒളിക്കുന്ന ഓട്ടമാണ്. ഞായറാഴ്ച ആനന്ദത്തിനുള്ള കൂട്ടമാണ്.

## അറിയിപ്പിന്റെ ശനി

ഇന്ന് മരണം പാതാള വാതിക്കൽ വച്ച് ചവട്ടപ്പെട്ടു. ഇന്ന് പറുദീസാ സ്ഥാപകൻ ആദമിനെ തോട്ടത്തിനുള്ളിൽ അന്വേഷിച്ച് കണ്ടെത്തി.

## ഉയിർപ്പ് പെരുന്നാൾ

സമാധാന സ്ഥിരതയാലും സുകൃതങ്ങളാകുന്ന മധുര ഫലങ്ങളുടെ പൂർണ്ണതയാലും ഞങ്ങളെ അലങ്കരിച്ച് നിനക്ക് നിർമ്മലമായ വിശുദ്ധാലയങ്ങളായി തീരുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ. വെടിപ്പുള്ള ഹൃദയത്താലും നിർമ്മല മനസ്സാക്ഷിയാലും ജ്വലിക്കുകയും പാവന വിചാരങ്ങളാലും മാനസിക ശോഭയാലും പ്രകാശിക്കുകയും വിശുദ്ധിയോടെ പരസ്പ്പരം സമാധാനം നൽകുവാനും ഞങ്ങളെ അർഹരാക്കേണമെ.